പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 364 2/12/2014-ൽ മറുപടിക്ക്

## ഇടുക്കി ജില്ലയിലെ ഭൂകമ്പമാപിനികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ വൈദ്യുതി ബോർഡ് എവിടെയെല്ലാമാണ് ഭൂകമ്പ മാപിനികൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;<br>(ബി) ഇത് എപ്പോഴൊക്കെയാണ് സ്ഥാപി ച്ചിട്ടുള്ളത് എന്നും ഓരോന്നിനും എന്ത് തുക ചെലവായിട്ടുണ്ട് എന്നും ഇത് ഓരോന്നും ഏതൊക്കെ കമ്പനികളാണ് സ്ഥാപിച്ചത് എന്നും വിശദമാക്കാമോ ; | (എ) യും (ബി) യും അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇതിൽ ഏതൊക്കെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് എന്നും മറ്റുള്ളവ എപ്പോഴൊക്കെയാണ് തകരാറി ലായത് എന്നും വിശദമാക്കാമോ; | (സി) കുളമാവ്, ഇടുക്കി, ആലടി എന്നിവിടങ്ങളിലെ അനലോഗ് ടൈപ്പിലുള്ള പഴയ ഉപകരണങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നു.<br>2014-ൽ സ്ഥാപിച്ച കുളമാവ്, ആലടി, ചോറ്റുപാറ, വള്ളക്കടവ്, മീൻകട്ട് എന്നിവിടങ്ങളിലുള്ള ഡിജിറ്റൽ ഭൂകമ്പമാപിനികൾ കേട്ടുകൂടാതെ പ്രവർത്തിക്കുന്നുണ്ട്.<br>മീൻകട്ട്, വള്ളക്കടവ്, ചോറ്റുപാറ എന്നിവിടങ്ങളിലെ പഴയ ഭൂകമ്പമാപിനികൾ യഥാക്രമം 2002, 01/2014, 04/2014 എന്നീ കാലയളവ് മുതൽ പ്രവർത്തിക്കുന്നില്ല. |
| (ഡി) ഇതിൽ വൈദ്യുതബോർഡിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നും ഈ തുക ഇത് സ്ഥാപിച്ച കമ്പനിയിൽ നിന്ന് ഈടാക്കുന്ന തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്നും | (ഡി) പുതുതായി സ്ഥാപിച്ചിട്ടുള്ള എല്ലാ നിലയ ങ്ങളിലെയും ഭൂകമ്പമാപിനികൾ ഇപ്പോൾ പ്രവർത്തി ക്കുന്നുണ്ട്. ഇടിമിന്നൽ, വോൾട്ടേജ് വ്യതിയാനം മുതലായ കാരണങ്ങളാൽ ഉണ്ടാകുന്ന താൽക്കാലിക |

(....2)

| | |
|---|---|
| അറിയിക്കുമോ; | തകരാറുകൾ അപ്പോഴപ്പോൾ തന്നെ പരിഹരിക്കുന്നുണ്ട്. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ നിലയങ്ങൾക്ക് 6 വർഷത്തെ മെയിന്റനൻസ് കരാർ നിലവിലുണ്ട്. ആയതിനാൽ വൈദ്യുതി ബോർഡിന് ഇതു സംബന്ധിച്ച് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല. |
| (ഇ) ഉണ്ട് എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഇ) ചോദ്യം ഉദിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 364

| ക്രമ നമ്പർ | സ്റ്റേഷൻ | സ്ഥാപിച്ച വർഷം | ചെലവ് | സ്ഥാപിച്ച കമ്പനി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി | 1973 | 15 ലക്ഷം | അമേരിക്കൻ കമ്പനിയായ Tele Dyne Geo Tech, Bangalore ലെ Eltel System | ഈ ഉപകരണങ്ങൾ അനലോഗ് ടൈപ്പിലുള്ളതാണ് |
| 2 | കുളമാവ് | 1973 | | | |
| 3 | ആലടി | 1973 | | | |
| 4 | ചോറ്റുപാറ | 1993 | | | |
| 5 | മീൻകട്ട് | 1968 | | | |
| 6 | വള്ളക്കടവ് | 2001 | | | |
| 1 | കുളമാവ് | 2014 | 3.16 കോടി രൂപ | ലക്നൌ കേന്ദ്രമായി പ്രവർത്തിക്കുന്ന എൻകാർഡി-യേറൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഈ ഉപകരണങ്ങൾ ഡിജിറ്റൽ ടൈപ്പിലുള്ളതാണ്. ഇവയിൽ നിന്നും ലഭിക്കുന്ന വിവരം തത്സമയം തന്നെ വൈദ്യുതി ഭവനിൽ സ്ഥാപിച്ചിട്ടുള്ള സെൻട്രൽ റെക്കോർഡിംഗ് യൂണിറ്റിൽ ലഭ്യമാണ്. |
| 2 | ആലടി | 2014 | | | |
| 3 | ചോറ്റുപാറ | 2014 | | | |
| 4 | മീൻകട്ട് | 2014 | | | |
| 5 | വള്ളക്കടവ് | 2014 | | | |

സെക്ഷൻ ഓഫീസർ